DCPO/T/A1/464/2022

വനിതാ ശിശു വികസന വകുപ്പ്
ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ
കാര്യാലയം ,തിരുവനന്തപുരം
tvmdcpu2015@gmail.com
ഫോൺ :0471-2-345121
തീയതി :05-02-2022

## വിജ്ഞാപനം

വനിതാ ശിശു വികസന വകുപ്പിന്റെ കീഴിൽ സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്ന തിരുവനന്തപുരം ജില്ലാ ശിശു സംരക്ഷണ യൂണിറ്റിൽ നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്ക് മനശാസ്ത്ര പരിരക്ഷയും പിന്തുണയും നൽകി കുട്ടികളുടെ സ്വഭാവ പരിവർത്തനം സാധ്യമാക്കി ശരിയായ സാമൂഹ്യജീവിതം നയിക്കാൻ അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ പതിനാല് ജില്ലകളിലും നടപ്പിലാക്കി വരുന്ന കാവൽ പദ്ധതിയിലേക്ക് സഹകരിച്ച് പ്രവർത്തിക്കുന്നതിനു താഴെപ്പറയുന്ന മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അനുയോജ്യമായ സന്നദ്ധ സംഘടനകളിൽ നിന്ന് അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു . ജില്ലയിലെ കാട്ടാക്കട നെയ്യാറ്റിൻകര താലൂക്കുകളിൽ ഉൾപ്പെട്ടു വരുന്ന കുട്ടികളിൽ ഇടപെടൽ നടത്തുന്നതിനായി ഒരു സന്നദ്ധ സംഘടനയെയാണ് തെരഞ്ഞെടുക്കുന്നത് .

## മാനദണ്ഡങ്ങൾ

1. അപേക്ഷിക്കുന്ന സംഘടന 1965 –ലെ തിരുവിതാംകൂർ കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മ സംഘങ്ങൾ രജിസ്ട്രേഷൻ ആക്ട് , 1860 ലെ സൊസൈറ്റീസ് ഇന്ത്യൻ ട്രസ്റ്റ് ആക്ട്,1882 ലെ ഇന്ത്യൻ ട്രസ്റ്റ് ആക്ട് എന്നിവയിൽ ഏതെങ്കിലും ഒന്ന് പ്രകാരം രജിസ്റ്റർ ചെയ്തിരിക്കണം .

   അല്ലെങ്കിൽ

   എം എസ് ഡബ്ല്യു , ബി എസ് ഡബ്ല്യു കോഴ്സുകൾ നടത്തുന്ന അക്കാഡമിക് സ്ഥാപനങ്ങളുടെ ഔട്ട് റീച് സംവിധാനമായിരിക്കണം .

2. സാമൂഹ്യനീതി വകുപ്പിന്റെ അക്രഡിറ്റേഷൻ ലഭിച്ച സന്നദ്ധ സംഘടന ആയിരിക്കണം

   അല്ലെങ്കിൽ

കുട്ടികളുടെ പുനരധിവാസ മേഖലയിൽ രണ്ടു വർഷത്തിൽ കുറയാത്ത പ്രവർത്തി പരിചയം ഉള്ള സംഘടനയായിരിക്കണം .

3. നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്ക് വേണ്ടി പ്രവർത്തിക്കുന്നതിനു സന്നദ്ധതയുള്ള സംഘടന ആയിരിക്കണം
4. നിയമപ്രകാരം തെരഞ്ഞെടുത്ത ഭരണ സമിതി നിലവിലുണ്ടയിരിക്കണം
5. കാവൽ പദ്ധതി ഏറ്റെടുത്തു നടത്തുവാനുള്ള സാമ്പത്തിക ഭദ്രതയുള്ള സംഘടനയായിരിക്കണം

അപേക്ഷിക്കുന്ന സന്നദ്ധ സംഘടനകൾ നിശ്ചിത ഫോർമാറ്റിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം ,സംഘടനാ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കോപ്പി ,കഴിഞ്ഞ രണ്ടു വർഷത്തെ ഓഡിറ്റഡ് സ്റ്റേറ്റ്മെന്റ് ഓഫ് അക്കൌണ്ട്സ് ,ഭരണ റിപ്പോർട്ട് എന്നിവ സഹിതം 2022 ഫെബ്രുവരി മാസം 20-ആം തീയതി വൈകുന്നേരം 5 മണിക്ക് മുൻപ് ജില്ലാ ശിശു സംരക്ഷണ ഓഫീസർ, ജില്ലാ ശിശു സംരക്ഷണ ഓഫീസ് , ഓപ്പോസിറ്റ് എൽ.എച്ച്.ഓ എസ്.ബി.ഐ , റോട്ടറി ജംഗ്ഷൻ ,പൂജപ്പുര ,തിരുവനന്തപുരം 695012 എന്ന വിലാസത്തിൽ നേരിട്ടോ tvmdcpu2015@gmail.com എന്ന ഈ-മെയിലോ അപേക്ഷിക്കേണ്ടതാണ് . വൈകി ലഭിക്കുന്നതും അപൂർണ്ണവും നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കാത്തതുമായ അപേക്ഷകൾ നിരസിക്കപ്പെടുന്നതാണ് .കൂടുതൽ വിവരങ്ങൾക്ക് തിരുവനതപുരം ജില്ലാ ശിശു സംരക്ഷണ യൂണിറ്റുമായി ബന്ധപ്പെടുക . ഫോൺ നമ്പർ : 0471-2345121.

DISTRICT CHILD PROTECTION OFFICE * THIRUVANANTHAPURAM-12 *

ജില്ലാ ശിശു സംരക്ഷണ ഓഫീസർ
തിരുവനന്തപുരം